## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 493 — 06.03.2012 ൽ മറുപടിയ്ക്ക്

### മറയൂർ സ്പെഷ്യൽ അലവൻസ്

| ചോദ്യം<br>ശ്രീ. ലൂഡി ലൂയിസ് | | മറുപടി<br>ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മറയൂർ ഫോറസ്റ്റ് സാൻഡൽ ഡിവിഷനുകീഴിൽ നിയമിച്ചിട്ടുള്ള ഏതൊക്കെ ജീവനക്കാർക്കാണ് സ്പെഷ്യൽ അലവൻസിന് അർഹതയുള്ളത്; | (എ) | മറയൂരിലെ ചന്ദനമരങ്ങളുടെ സംരക്ഷണത്തിനായി നിയോഗിക്കപ്പെട്ടിട്ടുള്ള താഴെ പറയുന്ന സംരക്ഷണ വിഭാഗം ജീവനക്കാർക്കാണ് സ്പെഷ്യൽ അലവൻസിനു അർഹതയുള്ളത്.<br>1. ഡെപ്യൂട്ടി റെയിഞ്ചർ<br>2. ഫോറസ്റ്റർ<br>3. ഫോറസ്റ്റ് ഗാർഡ് / വാച്ചർ<br>4. ഡ്രൈവർ |
| (ബി) | പ്രസ്തുത ഡിവിഷനിൽ ജോലി ചെയ്യുന്ന ഫോറസ്റ്റ് റെയ്ഞ്ച് ഓഫീസർ, ഡി.എഫ്.ഒ. എന്നിവർക്ക് പ്രസ്തുത അലവൻസ് നൽകുന്നുണ്ടോ ; | (ബി) | ഡി.എഫ്.ഒ., റെയിഞ്ചർ എന്നിവർക്ക് പ്രസ്തുത അലവൻസ് നൽകുന്നില്ല. |
| (സി) | ഇല്ലെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ; | (സി) | ഡി. എഫ്. ഒ., റെയിഞ്ചർ എന്നിവർ സംരക്ഷണ വിഭാഗത്തിൽപ്പെടുന്നില്ല. |
| (ഡി) | എഫ്.ആർ.ഒ., ഡി. എഫ്. ഒ. എന്നിവർക്കുകൂടി പ്രസ്തുത അലവൻസ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | നിലവിലുള്ള ഉത്തരവുകൾ പ്രകാരം ഫോറസ്റ്റ് റെയിഞ്ചർ, ഡി.എഫ്.ഒ. എന്നിവർക്ക് സ്പെഷ്യൽ അലവൻസിന് അർഹതയില്ല. |

സെക്ഷൻ ഓഫീസർ